ചീഫ് എഞ്ചിനീയർ	..	1
സൂപ്രണ്ടിംഗ് എഞ്ചിനീയർ	..	4
എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	16
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	86
അസിസ്റ്റന്റ് എഞ്ചിനീയർ	..	210
ഫസ്റ്റ് ഗ്രേഡ് ഓവർസീയർ	..	250
സെക്കന്റ് ഗ്രേഡ് ഓവർസീയർ	..	250
തേർഡ് ഗ്രേഡ് ഓവർസീയർ	..	640
എൽ. ഡി. ക്ലാർക്ക്	..	150
യു. ഡി. ക്ലാർക്ക്	..	150
ശിപായി	..	150
ആകെ	..	1857

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ഡിജേഷിന് ആശ്രിത നിയമനം നൽകുന്നതിന് നടപടി

74 [T3217] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ജോലിചെയ്തിരുന്ന തൃശ്ശൂർ താലൂക്കിൽ ഊരകം വില്ലേജിൽ എട്ടുമുന സ്വദേശിയായ വാളക്കടവിൽ രാധാകൃഷ്ണന്റെ മരണത്തെതുടർന്ന് ആശ്രിതനിയമനവ്യവസ്ഥ പ്രകാരം മകൻ ഡിജേഷിന് ജോലി ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഫയൽ ഇ. 23644/2001 എ6-32805/02 തീയതി 24-3-2003 എന്നിവയിൽ ഉണ്ടായിട്ടുള്ള തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിരവധി ഒഴിവുകൾ നിലവിലുള്ള സാഹചര്യത്തിൽ ശ്രീ. ഡിജേഷിന് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ശ്രീ. ഡിജേഷിന്റെ ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൻമേൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് 25-3-2003-ലെ എ6-38205/2002/ഡി.ഡിസ് കത്ത് മുഖേന സർക്കാരിന് ലഭിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത റിപ്പോർട്ടിനോടൊപ്പം ശ്രീ. ഡിജേഷിന്റെ ആശ്രിത നിയമനത്തിനുള്ള അസ്സൽ അപേക്ഷ [അനുബന്ധം (എ) യും (ബി)] യും ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിരുന്നത് തിരികെ കിട്ടിയില്ല.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആയത് തിരിച്ചു കിട്ടുന്നതിന് 30-4-2003-ലെ കത്ത് മുഖേന സർക്കാർ ജില്ലാ കളക്ടർക്ക് എഴുതിയിരിക്കുകയാണ്. അസ്സൽ അപേക്ഷ തിരികെ ലഭിച്ചാലുടൻ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇ. 23644/01 നമ്പർ ഫയൽ ജലവിഭവ (എ) വകുപ്പിന്റേതല്ല.

(സി) ശ്രീ. ഡിജേഷിന്റെ അപേക്ഷ പരിശോധിച്ച് ആശ്രിത നിയമനത്തിന് അർഹനാണെന്ന് കണ്ടാൽ, ഒഴിവിന്റെ ലഭ്യത അനുസരിച്ച് തൃശ്ശൂർ ജില്ലയിലെ നിയമനം പരിഗണിക്കാവുന്നതേയുള്ളൂ.

മൃഗശാലയിലെ മൃഗങ്ങൾക്ക് ഇണകളെ കണ്ടെത്താൻ നടപടി

75 [3218] ശ്രീ. കെ. മോഹൻകുമാർ:
„ കെ. ബാബു:
„ തമ്പാനൂർ രവി:
„ ടി. എച്ച്. മുസ്തഫ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ എത്രയിനം മൃഗങ്ങളെ പാർപ്പിച്ചിട്ടുണ്ട്;

(ബി) ഇവയിൽ ഇണകളില്ലാത്ത മൃഗങ്ങൾ ഏതെല്ലാം;

(സി) ഇവയ്ക്ക് ഇണകളെ കണ്ടെത്തി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) മൃഗശാലകളിൽ പാർപ്പിക്കുന്ന മൃഗങ്ങൾക്ക് അവയുടെ വർഗ്ഗങ്ങളിൽപ്പെട്ട ഇണകളുണ്ടായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 34 ഇനം മൃഗങ്ങൾ

(ബി) 1. കാണ്ടാമൃഗം
2. സീബ്ര
3. പാതിരിക്കുരങ്ങ്
4. കാട്ടാട്
5. കുറുനരി
6. പുള്ളിപ്പുലി
7. ആന
8. കഴുതപ്പുലി
9. ആഫ്രിക്കൻ കാട്ടുപോത്ത് എന്നീ മൃഗങ്ങൾക്ക് ഇണകളില്ല.

(സി) കേന്ദ്ര സർക്കാരിന്റെ "മോഡേൺ സൂ പോളിസി" അനുശാസിക്കുന്ന പ്രകാരമുള്ള തുറന്ന ആവാസ കേന്ദ്രങ്ങളുടെ പണി പൂർത്തിയാകാത്തതുകൊണ്ടാണ്.

(ഡി) ഇണയില്ലാത്ത മൃഗങ്ങളെ മൃഗശാലയിൽ ഒരു കൊല്ലത്തിനപ്പുറം പാർപ്പിക്കാൻ പാടില്ല എന്ന വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly